' ഭരണഭാഷ   മാതൃഭാഷ '

## തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ ഭരണ കാര്യസ്ഥയുടെ നടപടി ഉത്തരവ്

(ഹാജർ   ഹേമപ്രഭ.ഡി)

വിഷയം:- പൊ.മ.വ- ജീവനക്കാര്യം -ഇടുക്കി ജില്ലയിലെ പൊതുമരാമത്ത് റസ്റ്റ് ഹൗസുകളിൽ നിലവിൽ ഒഴിവുള്ള കുക്ക് -കം- വാച്ചർ തസ്തികകളിൽ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നത്   - സംബന്ധിച്ച്.

പരാമർശം. 1. 31/10/1990-ലെ 47/90/ഉ.ഭ.വ നമ്പർ.സ.ഉ. പ്രകാരമുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്.

2. ഇടുക്കി ജില്ലാ കളക്ടറുടെ [illegible] എ 6-2893/2017 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ. ഒ & എം3/9547/2015(2)   തീയതി  03/04/2018**

പരാമർശം (1) പ്രകാരം പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസുകളിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് ആയ കാറ്റഗറി 4-ൽ ഉൾപ്പെടുന്ന കുക്ക് -കം- വാച്ചർ തസ്തികകയിലേയ്ക്ക് പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ പൊതുവായ ജില്ലാതല സീനിയോറിറ്റി ലിസ്റ്റിൽ നിന്നും യോഗ്യരായ ജീവനക്കാരെ സ്ഥാന കയറ്റം നൽകിയാണ് നിയമിക്കുന്നത്. പരാമർശം (2) പ്രകാരം ഇടുക്കി ജില്ലാ കളക്ടർ ശുപാർശ ചെയ്ത ബേബി.കെ.ഡി, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, ഇടുക്കി,കുമളി ജീവനക്കാരനെ കട്ടപ്പന റസ്റ്റ് ഹൗസിലേയ്ക്ക് 17000-37500 ശമ്പള സ്കെയിലിൽ കുക്ക് -കം- വാച്ചർ തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം നൽകി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

മേൽ നിയമനം ആവശ്യമായി വരുന്ന പക്ഷം പുനപരിശോധനയ്ക്കും റിവേർഷനും വിധേയമായിരിയ്ക്കും. പ്രസ്തുത നിയമനം ടിയാന്റെ വയസ്സിന്റേയും വിദ്യാഭ്യാസ യോഗ്യതയുടേയും അസൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് തൃപ്തിപെട്ടതിന്റെ അടിസ്ഥാനത്തിലായിരിക്കും.

ഈ ഉത്തരവ് അനുസരിച്ച് സർവ്വീസിൽ പ്രവേശിച്ച കാലാവധി മുതൽ 2 വർഷത്തിനകത്ത് ഒരു വർഷം ജീവനക്കാരന്റെ നിരീക്ഷണകാലമായി കണക്കാക്കുന്നതാണ്. സർക്കാരിന്റെ നിർബന്ധിത സ്കീമുകളായ ജി.പി.എസ്, എസ്.എൽ.ഐ, ജി.ഐ.എസ് എന്നിവയിൽ അംഗമാകേണ്ടതാണ്.

നിയമനം കിട്ടിയ ജീവനക്കാരൻ ഈ ഉത്തരവ് കൈപറ്റി 15 ദിവസത്തിനുള്ളിൽ മേൽ പറഞ്ഞ രേഖകൾ സഹിതം ബന്ധപ്പെട്ട കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ മുമ്പാകെ ജോലിക്ക് ഹാജരാകേണ്ടതാണ്.

ഇപ്പോഴുള്ള തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതിനു മുമ്പ് സ്ഥാനകയറ്റം ലഭിച്ച തസ്തികകളിൽ ജോലി ചെയ്യുന്നതിന് സമ്മതമാണ് എന്ന് ബന്ധപ്പെട്ട ആഫീസർമാർ രേഖാമൂലം എഴുതി വാങ്ങേണ്ടതും ആയത് പുതിയ ജോലിയിൽ പ്രവേശിക്കുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

മറുപുറം.....

നിർദ്ദേശിക്കപ്പെട്ട ജീവനക്കാരൻ തന്നെയാണ് ജോലിയിൽ പ്രവേശിക്കുന്നതെന്ന ഉറപ്പ വരുത്തുന്നതിനായി നിലവിലെ ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിനു ശേഷം മാത്രം ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ജോലിയിൽ നിന്ന് വിടുതൽ നൽകുന്നതിനും പുതിയ ജോലിയിൽ പ്രവേശിക്കുന്നതും ബന്ധപ്പെട്ട ആഫീസർമാർ യഥാസമയം ഈ കാര്യാലയത്തിലേയ്ക്ക് അറിയിക്കേണ്ടതാണ്.

ഒപ്പ്/-

**മുതിർന്ന ഭരണ കാര്യസ്ഥ**

വ്യക്തിക്ക്. (രജിസ്റ്റേർഡ് തപാലിൽ)

പകർപ്പ്

1. അസിസ്റ്റന്റ് എഞ്ചിനീയർ, കെട്ടിട വിഭാഗം, ഇടുക്കി
2. ഇടുക്കി ജില്ലയിലെ ബന്ധപ്പെട്ട മറ്റ അസിസ്റ്റന്റ് എഞ്ചിനീയർമാർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും (പൊതുമരാമത്ത് വകുപ്പ് വെബ് സൈറ്റ് മുഖാന്തിരം)
3. പൊതുമരാമത്ത് വകുപ്പ് വെബ് സൈറ്റ്
4. കരുതൽ പകർപ്പ്

**/ ഉത്തരവിൻ പ്രകാരം /**

**ഭരണസഹായി**

fc3